# ACTION TAKEN REPORT ON THE SUPPLEMENT TO THE FIRST REPORT OF THE SIXTH STATE FINANCE COMMISSION

# ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാമത്തെ റിപ്പോർട്ടിന്റെ സപ്ലിമെന്റിൻമേലുള്ള നടപടി റിപ്പോർട്ട്

## ACTION TAKEN REPORT ON THE SUPPLEMENT TO THE FIRST REPORT OF THE SIXTH STATE FINANCE COMMISSION

**1.** In order to approximate the Standard Spending Needs, the Commission recommended that allocation of Non-Road Maintenance Fund to different institutions transferred to Local Governments giving two-third weightage to the plinth area and one-third weightage to users, viz; students, schools and Anganwadis, inmates of hostels and patients in hospitals. Weights assigned to buildings are:

| Weights for Plinth Area of Buildings of Institutions | |
|---|---|
| **Departments** | **Weights** |
| Agriculture | 1 |
| Allopathy | 3 |
| Homeopathy | 3 |
| Indian Systems of Medicine | 3 |
| Animal Husbandry | 2 |
| Education | 1.5 |
| Scheduled Castes Development (Pre-Matric Hostels) | 1.5 |
| Social Justice | 2 |
| Women & Child Development (including Anganwadis) | 2 |
| **Additional Weights for Age of the Building** | |
| **Age Classification** | **Weights** |
| < 25 years | 1 |
| 26 to 50 years | 1.5 |
| 51 to 100 Years | 2 |
| >100 (Heritage Buildings) | 2.5 |

(Para 5.1)

### Action Taken

*The recommendation is accepted.*

**2.** For the users, the Commission recommended to assign the following weights:

| Weights for Users -Patients, Students, Residents | |
|---|---|
| **Department** | **Weights** |
| Allopathy OP | 1 |
| Allopathy IP | 3 |
| Homeopathy IP | 3 |
| Homeopathy OP | 1 |
| ISM IP | 3 |
| ISM OP | 1 |
| Education | 1.5 |
| Scheduled Castes Development (Pre-Matric Hostels) | 1.5 |
| WCD (Anganwadis) | 1 |
| Animal Husbandry | 1 |

(Para 5.2)

**Action Taken**

***The recommendation is accepted.***

**3.** The *inter-se* distribution of Non- Road Maintenance funds of different categories of Local Governments is recommended to be as given in Appendix 1.4. (Para 5.3)

**Action Taken**

***The recommendation is accepted with modification that it will be operational w.e.f 2023-24. The LG wise distribution of Maintenance Fund (Non-Road) for the year 2021-22 and 2022-23 will be made in the same proportion as was done in the year 2020-21.***

**4.** The distribution of Road Maintenance Fund is recommended to be as detailed in Appendix 1.5. (Para 5.4)

**Action Taken**

***The recommendation is accepted with modification that it will be operational w.e.f 2023-24. The LG wise distribution of Maintenance Fund (Road) for the year 2021-22 and 2022-23 will be***

***made in the same proportion as was done in the year 2020-21. The decision in Recommendation No. 24 (Para 7.57) in the First Report of the Commission is modified to this extent.***

**5.** The Commission recommended to set up an Empowered Committee under the Finance Secretary with the LSGD Secretary and Planning Secretary, serviced by the SFC Cell of the Finance Department and assisted by the Decentralization Division of the State Planning Board to look into the issues related to data errors in relation to road and non-road assets. The Committee should also look into the following:

(a) Complaints regarding data errors in the allocation of other Funds namely, all the streams of Development Fund and the General Purpose Fund.

(b) Claims for Gap Grants in deficit Village Panchayats and Municipalities.

(c) Determining and allocation of incentives on Development Fund excluding SCSP and TSP and the grants of the Union Finance Commission as recommended in first report and accepted by the Government should be decided by the Committee.

(d) Coordinating and supervising the collection and collation of data by the Local Governments Fiscal Research Cell of KILA in such a way as to meet the requirements of the subsequent State Finance Commissions. (Para 5.5)

**Action Taken**

***The recommendation is accepted with modification in (b) that claims of deficit Village Panchayats will only be entertained for Gap Grant for the year 2021-22. But a sum of ₹5 crore from the share of GPF available to Municipalities and ₹10 crore from that available to Village Panchayats will be set apart in each year for providing Gap fund to eligible Municipalities and Village Panchayats respectively for the remaining period of award of the 6th State Finance Commission, i.e., from 2022-23 to 2025-26.***

6. The Commission recommended that GIS based asset maps with dimensional photographs of all the attributes related to the asset should be prepared by the end of March 2022. (Para 5.6)

**Action Taken**

*The recommendation is accepted.*

7. The Commission recommended that all the expenditures on all assets of Local Governments, i.e., roads, buildings, farms, lands and water bodies should be captured automatically through a software and be available on the website for citizen information. The software should mandatorily ensure that bills could be prepared, and payments made only after all the upstream data get automatically entered. (Para 5.7)

**Action Taken**

*The recommendation is accepted.*

8. For non-road assets, a planning methodology is suggested in para 3.4 starting from the initial proposal of the head of the transferred institution and ending with DPC approval. (Para 5.8)

**Action Taken**

*The recommendation is accepted.*

9. For roads, a similar methodology is recommended in para 3.5. (Para 5.9)

**Action Taken**

*The recommendation is accepted.*

**10.** The permissible items under Maintenance Fund are detailed in para 3.8. The Commission recommended that Government may issue a master order in supersession of all existing orders and circulars incorporating its recommendations. (Para 5.10)

**Action Taken**

***The recommendation is accepted.***

**11.** In the case of Disasters formally notified either by the State Government or by Government of India, Local Self Government Department in consultation with the Finance Department, could issue special orders permitting use of Road and Non-Road Maintenance Fund for other specifically identified items except that Non- Road Maintenance Fund should not be spent for roads. At the same time Road Maintenance Fund could be spent for Non-Road Maintenance. (Para 5.11)

**Action Taken**

***The recommendation is accepted.***

**12.** The Commission recommended that no special permission should be given for taking up items not specified in the permissible list. (Para 5.12)

**Action Taken**

***The recommendation is accepted.***

**13.** The Commission recommended that maintenance units to take up simple maintenance works, both for road and non-road assets, including furniture and equipment may be set up as micro enterprises under Kudumbashree. This would ensure timely, seamless and quality maintenance of assets besides serving the socio-economic objective of helping the poor. (Para 5.13)

**Action Taken**

***Government issues general guidelines for the plan implementation. The Local Governments are permitted to execute their work through accredited agencies without resorting to tender formalities. Government have already permitted simple maintenance works upto Rs.2 lakh to be done by Kudumbashree units as per G.O.(P)No.73/2020/Fin dated 03/06/2020. LSGIs are already allowed to do so under the same.***

**14.** All the officers of departments from which assets have been transferred to Local Governments, starting from the head of the department, should be formally involved in the monitoring of the preparation and implementation of the Maintenance Plan by the Local Governments. A software would be modified to ensure automatic upward movement of the Maintenance Plan to the departmental officers. (Para 5.14)

**Action Taken**

***The recommendation is accepted.***

**15.** At present, the Maintenance Plan has to be approved by the DPC including items which use own source revenues. The Commission recommended that in case of unforeseen emergency, after detailed justification, individual projects costing up to Rs. 50,000 could be taken up by the Local Governments without prior approval of the DPC, under simultaneous intimation to the DPC on issue of administrative and technical sanctions for ratification. (Para 5.15)

**Action Taken**

***The recommendation is accepted.***

**16.** For allocating the 15th Finance Commission Grants to Local Governments including the grants to Urban Agglomerations (UAs) for the five years starting from 2021-22, the Commission recommended that the system elaborated in para 4.3 may be followed. (Para 5.16)

**Action Taken**

***Separate heads of account have been opened for Municipal Corporations and Municipalities for Tied Grant during 2020-21. This is made operational during the entire period of 15th Finance Commission Grant. Hence, no separate heads of account as recommended in para 4.3 (a) need be opened. The Kannur Cantonment will be given amount as per the recommendations of the 15th Finance Commission during its award period.***

**17.** As regards the Health Grants, since it is a totally tied fund, it is recommended that it be implemented as a kind of State's Sponsored Scheme and in addition to the share of the Plan under Development Fund. (Para 5.17)

**Action Taken**

***Health Grant is also included as a part of the Development Fund as per recommendation of State Planning Board also. Hence, the recommendation is rejected.***

**18.** The Commission recommended that for the UAs, a five-year plan for the FFC grant has to be prepared as a distinct document following the process laid down in para 4.11. (Para 5.18)

**Action Taken**

***The recommendation is accepted with modification that the five-year plan for the FFC Grant has to be prepared as per the process detailed at para 4.12.***

# ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാമത്തെ റിപ്പോർട്ടിന്റെ സപ്ലിമെന്റിൻമേലുള്ള നടപടി റിപ്പോർട്ട്

1. ചെലവിന്റെ സ്റ്റാൻഡേർഡ് കണക്കാക്കണമെന്നും, ഇതിനായി പ്രാദേശിക സർക്കാരുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വിവിധ സ്ഥാപനങ്ങൾക്കുള്ള റോഡിതര ആസ്തി സംരക്ഷണ ഫണ്ടിന്റെ വിഹിതം കണക്കാക്കുമ്പോൾ തറവിസ്തീർണ്ണത്തിന് 2/3 വെയിറ്റേജും, വിദ്യാർത്ഥികൾ, വിദ്യാലയങ്ങളും അംഗനവാടികളും, ഹോസ്റ്റലുകളിലെ താമസക്കാർ, ആശുപത്രികളിലെ രോഗികൾ മുതലായ ടി ആസ്തികളുടെ ഉപയോക്താക്കൾക്ക് 1/3 വെയിറ്റേജും നൽകണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കെട്ടിടങ്ങൾക്ക് നൽകിയിരിക്കുന്ന വെയിറ്റേജ് താഴെ പറയും പ്രകാരമാണ്.

| സ്ഥാപനങ്ങളുടെ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിനുള്ള വെയിറ്റേജ് | |
|---|---|
| **വകുപ്പ്** | **വെയിറ്റേജ്** |
| കൃഷി | 1 |
| അലോപ്പതി | 3 |
| ഹോമിയോപ്പതി | 3 |
| ഭാരതീയ ചികിത്സാരീതി | 3 |
| മൃഗസംരക്ഷണം | 2 |
| വിദ്യാഭ്യാസം | 1.5 |
| പട്ടികജാതി വികസനം (പ്രീ മെട്രിക് ഹോസ്റ്റലുകൾ) | 1.5 |
| സാമൂഹ്യ നീതി | 2 |
| വനിതാ ശിശുവികസനം (അംഗനവാടികൾ ഉൾപ്പെടെ) | 2 |
| **കെട്ടിടങ്ങളുടെ കാലപ്പഴക്കത്തിന് അനുവദിച്ചിട്ടുള്ള അധിക വെയിറ്റേജ്** | |
| **കാലപ്പഴക്കം** | **വെയിറ്റേജ്** |
| 25 വർഷം വരെ | 1 |
| 26 മുതൽ 50 വർഷം വരെ | 1.5 |
| 51 മുതൽ 100 വർഷം വരെ | 2 |
| 100 വർഷത്തിൽ കൂടുതൽ (പൈതൃക കെട്ടിടങ്ങൾ) | 2.5 |

(ഖണ്ഡിക 5.1)

## നടപടി

***ശിപാർശ അംഗീകരിച്ചു.***

2. ഉപയോക്താക്കളുടെ കാര്യത്തിൽ താഴെ പറയുന്ന തരത്തിൽ വെയിറ്റേജ് നൽകണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

| രോഗികൾ, വിദ്യാർത്ഥികൾ, താമസക്കാർ തുടങ്ങിയ ഉപയോക്താക്കൾക്കുള്ള വെയിറ്റേജ് | |
|---|---|
| **വകുപ്പ്** | **വെയിറ്റേജ്** |
| അലോപ്പതി ഒ.പി | 1 |
| അലോപ്പതി ഐ.പി | 3 |
| ഹോമിയോപ്പതി ഐ.പി | 3 |
| ഹോമിയോപ്പതി ഒ.പി | 1 |
| ഭാരതീയ ചികിത്സാരീതി ഐ.പി | 3 |
| ഭാരതീയ ചികിത്സാരീതി ഒ.പി | 1 |
| വിദ്യാഭ്യാസം | 1.5 |
| പട്ടിക ജാതി വികസനം (പ്രീ-മെട്രിക് ഹോസ്റ്റലുകൾ) | 1.5 |
| വനിതാ ശിശു വികസനം (അംഗനവാടികൾ) | 1 |
| മൃഗ സംരക്ഷണം | 1 |

(ഖണ്ഡിക 5.2)

**നടപടി**

***ശിപാർശ അംഗീകരിച്ചു.***

3. വിവിധ വിഭാഗങ്ങളിലെ പ്രാദേശിക സർക്കാരുകൾക്കുള്ള റോഡിതര സംരക്ഷണ ഫണ്ടിന്റെ വിതരണം അപ്പൻഡിക്സ് 1.4- ൽ വിശദീകരിക്കുന്ന തരത്തിൽ ആകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 5.3)

**നടപടി**

***2023-24 വർഷം മുതൽ മാത്രമേ പ്രാവർത്തികമാകൂ എന്ന ഭേദഗതിയോടെ ശിപാർശ അംഗീകരിച്ചു. പ്രാദേശിക സർക്കാരുകൾക്കുള്ള റോഡിതര സംരക്ഷണ ഫണ്ടിന്റെ 2021-22 വർഷത്തെയും 2022-23 വർഷത്തെയും വിതരണം 2020-21 വർഷം പിന്തുടർന്ന അതേ അനുപാതത്തിൽ തന്നെ ആയിരിക്കും.***

**4.** അപ്പൻഡിക്സ് 1.5-ൽ വിശദീകരിച്ചിട്ടുള്ള തരത്തിൽ റോഡ് സംരക്ഷണ ഫണ്ടിന്റെ വിതരണം നടത്തണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

(ഖണ്ഡിക 5.4)

**നടപടി**

***2023-24 വർഷം മുതൽ മാത്രമേ പ്രാവർത്തികമാകൂ എന്ന ഭേദഗതിയോടെ ശിപാർശ അംഗീകരിച്ചു. പ്രാദേശിക സർക്കാരുകൾക്കുള്ള റോഡ് സംരക്ഷണ ഫണ്ടിന്റെ 2021-22 വർഷത്തെയും 2022-23വർഷത്തെയും വിതരണം 2020-21 വർഷം പിന്തുടർന്ന അതേ അനുപാതത്തിൽ തന്നെ ആയിരിക്കും. കമ്മീഷന്റെ ഒന്നാമത്തെ റിപ്പോർട്ടിലെ 24-ാം നമ്പർ ശിപാർശ (ഖണ്ഡിക 7.57) യിന്മേലുള്ള തീരുമാനം ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.***

**5.** റോഡ്, റോഡിതര ആസ്തികളുമായി ബന്ധപ്പെട്ട ഡേറ്റയിൽ വന്നേക്കാവുന്ന പിശകുകൾ പരിശോധിക്കുന്നതിനായി ധനകാര്യ സെക്രട്ടറിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. എംപവേർഡ് കമ്മറ്റിയ്ക്കാവശ്യമായ സേവനങ്ങൾ ധനകാര്യ വകുപ്പിലെ എസ്.എഫ്.സി സെൽ നൽകുന്നതും സംസ്ഥാന ആസൂത്രണ ബോർഡിലെ വികേന്ദ്രീകൃത ആസൂത്രണ വിഭാഗം ആവശ്യമായ സഹായങ്ങൾ നൽകുന്നതുമായിരിക്കും. ഈ കമ്മിറ്റി താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിശോധിക്കേണ്ടതാണ്.

എ) വികസന ഫണ്ട്, പൊതു ആവശ്യ ഫണ്ട് തുടങ്ങിയ മറ്റു ഫണ്ടുകളുടെ വിഹിതം നിശ്ചയിക്കുന്നതിന് ഉപയോഗിക്കുന്ന ഡേറ്റ സംബന്ധിച്ച പരാതികൾ.

ബി) സാമ്പത്തിക പരാധീനതയുള്ള വില്ലേജ് പഞ്ചായത്തുകളുടേയും മുൻസിപ്പാലിറ്റികളുടെയും വിടവു നികത്തൽ ഫണ്ടിനുള്ള ആവശ്യം.

സി) കമ്മീഷൻ അതിന്റെ ആദ്യ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നതും സർക്കാർ അംഗീകരിച്ചതുമായ വികസന ഫണ്ടിൽ (പട്ടിക ജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ഒഴികെയുള്ള) നിന്നുള്ള പ്രോത്സാഹനത്തിന്റെ വിഹിതം നിശ്ചയിക്കൽ.

ഡി) കിലയിലെ ലോക്കൽ ഗവണ്മെന്റ് ഫിസ്കൽ റിസേർച്ച് സെൽ വരും കാലങ്ങളിലെ സംസ്ഥാന ധനകാര്യ കമ്മീഷനുകൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ ഡേറ്റ ശേഖരിച്ച് പരിശോധിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അതിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുക. (ഖണ്ഡിക 5.5)

**നടപടി**

***വിടവ് നികത്തൽ ഫണ്ടിനുള്ള വില്ലേജ് പഞ്ചായത്തുകളുടെ ആവശ്യം മാത്രം 2021-22 വർഷം പരിഗണിക്കുന്നതാണ് എന്നതരത്തിൽ ശിപാർശ (ബി) ഭേദഗതി വരുത്തിക്കൊണ്ട് നിർദ്ദേശം അംഗീകരിച്ചു. എന്നാൽ, ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശേഷിക്കുന്ന അവാർഡ് കാലയളവിൽ, അതായത്, 2022-23 മുതൽ 2025-26 വരെ, അർഹതപ്പെട്ട മുനിസിപ്പാലിറ്റികൾക്കും വില്ലേജ് പഞ്ചായത്തുകൾക്കും വിടവ് നികത്തൽ ഫണ്ട് നൽകുന്നതിനായി ഓരോ വർഷവും മുനിസിപ്പാലിറ്റികൾക്കുള്ള പൊതു ആവശ്യ ഫണ്ടിൽ നിന്നും 5 കോടി രൂപയും വില്ലേജ് പഞ്ചായത്തുകൾക്കുള്ള പൊതു ആവശ്യ ഫണ്ടിൽ നിന്നും 10 കോടി രൂപയും മാറ്റി വയ്ക്കുന്നതാണ്.***

**6.** 2022 മാർച്ച് അവസാനത്തോടെ ആസ്തിയുമായി ബന്ധപ്പെട്ട എല്ലാത്തരം അളവുകളും ഉൾപ്പെട്ട ഫോട്ടോഗ്രാഫ് സഹിതം (Dimensional Photographs) ജി.ഐ.എസ് അധിഷ്ഠിത ആസ്തി മാപ്പ് തയ്യാറാക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 5.6)

**നടപടി**

***ശിപാർശ അംഗീകരിച്ചു.***

**7.** റോഡുകൾ, കെട്ടിടങ്ങൾ, കൃഷിസ്ഥലങ്ങൾ, വസ്തു, നീർത്തടങ്ങൾ തുടങ്ങിയ പ്രാദേശിക സർക്കാരുകളുടെ എല്ലാ ആസ്തികളിലും ചെലവഴിക്കുന്ന തുക സ്വമേധയാ രേഖപ്പെടുത്തത്തക്ക തരത്തിൽ ഒരു സോഫ്റ്റ്വെയർ തയ്യാറാക്കേണ്ടതും ആയത് പൗരന്മാർക്ക് ലഭ്യമാകത്തക്ക തരത്തിൽ വെബ്സൈറ്റിൽ നൽകേണ്ടതുമാണ് എന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ ഡേറ്റയും സ്വമേധയാ രേഖപ്പെടുത്തിയതിനു ശേഷമേ ബില്ല് എടുക്കുവാനും തുക നൽകുവാനും

കഴിയൂ എന്ന് സോഫ്റ്റ്‌വെയർ നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.
(ഖണ്ഡിക 5.7)

**നടപടി**

***ശിപാർശ അംഗീകരിച്ചു.***

**8.** കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ മേധാവിയിൽ നിന്നുള്ള നിർദ്ദേശത്തിൽ തുടങ്ങി DPC അംഗീകാരത്തോടെ അവസാനിക്കുന്ന തരത്തിൽ റോഡിതര ആസ്തികൾക്കായി ഖണ്ഡിക 3.4-ൽ വിശദീകരിച്ചിട്ടുള്ള തരത്തിൽ ഒരു പദ്ധതി ശാസ്ത്രം (Planning methodology) നിർദ്ദേശിച്ചിട്ടുണ്ട്. (ഖണ്ഡിക 5.8)

**നടപടി**

***ശിപാർശ അംഗീകരിച്ചു.***

**9.** റോഡുകളുടെ കാര്യത്തിൽ ഇതേ രീതിയിലുള്ള ഒരു പദ്ധതി ശാസ്ത്രം ഖണ്ഡിക 3.5 ൽ ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 5.9)

**നടപടി**

***ശിപാർശ അംഗീകരിച്ചു.***

**10.** സംരക്ഷണ ഫണ്ടുപയോഗിച്ച് ചെയ്യാവുന്ന ഇനങ്ങൾ ഖണ്ഡിക 3.8-ൽ വിശദീകരിച്ചിട്ടുണ്ട്. നിലവിലുള്ള എല്ലാ ഉത്തരവുകളും പരിപത്രങ്ങളും ഉല്ലംഘിച്ചു കൊണ്ടും കമ്മീഷൻ ശിപാർശകൾ ഉൾപ്പെടുത്തിക്കൊണ്ടും സർക്കാർ ഒരു മാസ്റ്റർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. (ഖണ്ഡിക 5.10)

**നടപടി**

***ശിപാർശ അംഗീകരിച്ചു.***

**11.** സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഔദ്യോഗികമായി വിജ്ഞാപനം ചെയ്യുന്ന ദുരന്തങ്ങളുടെ കാര്യത്തിൽ റോഡ്-റോഡിതര സംരക്ഷണ ഫണ്ട് പ്രത്യേക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന്

അനുമതി നൽകിക്കൊണ്ട് ധനകാര്യ വകുപ്പുമായി ആലോചിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന് പ്രത്യേക ഉത്തരവ് ഇറക്കാവുന്നതാണ്. എന്നാൽ റോഡിതര സംരക്ഷണ ഫണ്ട് റോഡാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലാത്തതും റോഡ് സംരക്ഷണ ഫണ്ട് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ചെലവഴിക്കാവുന്നതുമാണ്. (ഖണ്ഡിക 5.11)

**നടപടി**

***ശിപാർശ അംഗീകരിച്ചു.***

12. അനുവദനീയ പട്ടികയിൽ (Permissible List) ഉൾക്കൊള്ളിക്കാത്ത കാര്യങ്ങൾ ഏറ്റെടുക്കുന്നതിനായി പ്രത്യേക അനുമതി നൽകരുതെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 5.12)

**നടപടി**

***ശിപാർശ അംഗീകരിച്ചു.***

13. റോഡ്-റോഡിതര ആസ്തികളുടെ (ഫർണീച്ചറുകളും ഉപകരണങ്ങളും ഉൾപ്പെടെ) ലഘുവായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കുടുംബശ്രീയിൽ സൂക്ഷ്മ സ്ഥാപനങ്ങളായി (Micro Enterprises) മെയിന്റനൻസ് യൂണിറ്റുകൾ രൂപീകരിക്കാവുന്നതാണ് എന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. പാവപ്പെട്ടവരെ സഹായിക്കുക എന്ന സാമൂഹിക - സാമ്പത്തിക ലക്ഷ്യം നിറവേറ്റുന്നതിനോടൊപ്പം ആസ്തികളുടെ സംരക്ഷണം യഥാസമയം ഇടതടവില്ലാതെ ഗുണമേന്മ ഉറപ്പ് വരുത്തിക്കൊണ്ട് നടത്തുവാൻ ഇത് സഹായിക്കും. (ഖണ്ഡിക 5.13)

**നടപടി**

***പദ്ധതി നിർവ്വഹണത്തിന് സർക്കാർ പൊതു നിർദ്ദേശങ്ങൾ ഇറക്കാറുണ്ട്. ടെൻഡർ നടപടികൾ കൂടാതെ തന്നെ അക്രഡിറ്റഡ് ഏജൻസികൾ മുഖേന തങ്ങളുടെ പ്രവൃത്തികളുടെ നിർവ്വഹണം നടത്താൻ പ്രാദേശിക സർക്കാരുകളെ അനുവദിച്ചിട്ടുണ്ട്. 03/06/2020 തീയതിയിലെ സ.ഉ.(അ)നം. 73/2020/ധന ഉത്തരവു പ്രകാരം രണ്ട് ലക്ഷം രൂപ വരെയുള്ള ലഘു അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കുടുംബശ്രീ***

***യൂണിറ്റുകളെ അനുവദിച്ചുകൊണ്ട് സർക്കാർ ഇതിനകം യഥേഷ്ടാനുമതി (permissive sanction) നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.***

**14.** ഏത് വകുപ്പിൽ നിന്നാണോ പ്രാദേശിക സർക്കാരുകൾക്ക് ആസ്തി കൈമാറ്റം ചെയ്യപ്പെട്ടത് ആ വകുപ്പുകളുടെ മേധാവി മുതൽ എല്ലാ ഉദ്യോഗസ്ഥരേയും പ്രാദേശിക സർക്കാരുകളുടെ സംരക്ഷണ പ്ലാൻ (Maintenance Plan) തയ്യാറാക്കുന്നതിന്റേയും നിർവ്വഹണത്തിന്റേയും നിരീക്ഷണത്തിൽ ഔദ്യോഗികമായിത്തന്നെ ഭാഗഭാക്കാക്കണം. സംരക്ഷണ പദ്ധതി സ്വമേധയാ വകുപ്പ് ഉദ്യോഗസ്ഥർ വഴി കൈകാര്യം ചെയ്യത്തക്ക തരത്തിൽ സോഫ്റ്റ്‌വെയറിൽ പരിഷ്കാരങ്ങൾ വരുത്തേണ്ടതാണ്. (ഖണ്ഡിക 5.14)

**നടപടി**

***ശിപാർശ അംഗീകരിച്ചു.***

**15.** തനതു വരുമാനം ഉപയോഗിച്ച് നടത്തുന്നത് ഉൾപ്പെടെയുള്ള സംരക്ഷണ പദ്ധതി (Maintenance Plan) നിലവിൽ ജില്ലാ ആസൂത്രണസമിതി അംഗീകരിക്കേണ്ടതുണ്ട്. മുൻകൂട്ടി അറിയാൻ കഴിയാത്തതും അടിയന്തരവുമായ ഘട്ടങ്ങളിൽ അൻപതിനായിരം രൂപവരെയുള്ള പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ഇല്ലാതെ തന്നെ പ്രാദേശിക സർക്കാരുകൾക്ക് ഏറ്റെടുക്കാൻ കഴിയണമെന്ന് കമ്മിഷൻ ശിപാർശ ചെയ്യുന്നു. എന്നാൽ ഈ അടിയന്തര ഘട്ടത്തിന്റെ ന്യായീകരണം വിശദമാക്കണം. ഭരണ-സാങ്കേതിക അനുമതികൾ ലഭിച്ചതിനു ശേഷം അത്തരം പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണത്തിന് അയയ്ക്കുകയും വേണം. (ഖണ്ഡിക 5.15)

**നടപടി**

***ശിപാർശ അംഗീകരിച്ചു.***

**16.** നഗരസഞ്ചയങ്ങൾ (Urban Agglomerations) ഉൾപ്പെടെയുള്ള പ്രാദേശിക സർക്കാരുകൾക്കുള്ള 2021-22 മുതൽ അഞ്ച് വർഷകാലയളവിലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നതിനായി ഖണ്ഡിക 4.3 ൽ വിശദീകരിച്ചിട്ടുള്ള ഒരു സമ്പ്രദായം പിൻതുടരാവുന്നതാണ് എന്ന്

കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 5.16)

**നടപടി**

***മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള 2020-21 വർഷത്തെ ഉപാധി ഗ്രാന്റിനായി (Tied Grant) പ്രത്യേക ശീർഷകം തുടങ്ങിയിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ എല്ലാ കാലയളവിലും ഇത് പ്രാവർത്തികമാണ്. ആയതിനാൽ ഖണ്ഡിക 4.3(a) യിൽ ശിപാർശ ചെയ്തിട്ടുള്ളതു പോലെ പ്രത്യേക ശീർഷകം തുടങ്ങേണ്ട ആവശ്യകതയില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അതിന്റെ കാലയളവിലേക്ക് ശിപാർശ ചെയ്തിട്ടുള്ള മൊത്ത തുകയും കണ്ണൂർ കന്റോൺമെന്റിന് നൽകുന്നതായിരിക്കും.***

**17.** ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായും ഉപാധി ഫണ്ടാണ് (Tied Fund). ആയതിനാൽ സംസ്ഥാനാവിഷ്കൃത പദ്ധതി പോലെ ഇത് നടപ്പിലാക്കണമെന്നും വികസന ഫണ്ടിനു പുറമെ ഇത് നൽകണമെന്നും കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 5.17)

**നടപടി**

***സംസ്ഥാന ആസൂത്രണ ബോർഡിന്റെ കൂടി ശിപാർശ പരിഗണിച്ച് ഹെൽത്ത് ഗ്രാന്റ് വികസന ഫണ്ടിന്റെ ഒരു ഭാഗമാക്കിയിട്ടുണ്ട്. ആകയാൽ കമ്മീഷൻ ശിപാർശ നിരസിച്ചു.***

**18.** ഖണ്ഡിക 4.11 ൽ വിവക്ഷിച്ചിട്ടുള്ള പ്രക്രിയ പിൻതുടർന്നുകൊണ്ട് നഗര സഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനായി ഒരു പഞ്ചവത്സര പദ്ധതി ഒരു പ്രത്യേക രേഖ എന്ന നിലയിൽ തയ്യാറാക്കേണ്ടതുണ്ട് എന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 5.18)

**നടപടി**

**ഖണ്ഡിക 4.12 ൽ വിശദീകരിച്ചിട്ടുള്ള പ്രക്രിയ പിൻതുടർന്നുകൊണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റിനുള്ള പഞ്ചവത്സര പദ്ധതി തയ്യാറാക്കേണ്ടതുണ്ട് എന്ന ഭേദഗതിയോടെ ശിപാർശ അംഗീകരിച്ചു.**